സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 4)218/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 07.03.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നംകെ.എസ്.എ.-ഇ.കെ.എം(പി.4) 218/2020 തീയതി: 07/03/2020

## എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.01.2019 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കെ. വിനോദ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 11.02.2020 മുതൽ<br>19.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.മൈക്കിൾ കെ.എ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. എം.എസ്. ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രവീൺ വി.എൻ | ഓഡിറ്റർ |
| ശ്രീ. അഭിലാഷ് എം.ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി നീതു അന്ന | 1.4.2018 | 31.3.2019 |
| വൈസ് പ്രസിഡന്റ് | ശ്രീ. ജോമോൻ പി.യു | 1.4.2018 | 31.3.2019 |
| സ്റ്റാൻറിംഗ് കമ്മറ്റി അദ്ധ്യക്ഷന്മാർ | | | |
| വികസന കാര്യം | ശ്രീമതി നിജ ഷാജി | 1.4.2018 | 31.3.2019 |
| ധനകാര്യം | ശ്രീ. ജോമോൻ പി.യു | 1.4.2018 | 31.3.2019 |
| ക്ഷേമകാര്യം | ശ്രീ ഇ.എസ്.അശോകൻ | 1.4.2018 | 31.3.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ജാൻസി പൗലോസ് | 1.4.2018 | 31.3.2019 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. സി.മണികണ്ഠൻ | 1.4.2018 | 31.3.2019 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ. ബാഷി വി.ജി | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചുള്ളി | ഡോ.സെറിൻ കുര്യാക്കോസ് | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മഞ്ജു ജോൺ | 1.4.2018 | 16.7.2018 |
| | ഡോ.ദീപ്തി | 17.7.2018 | 31.3.2019 |
| ഹോമിയോ ഡിസ്പെൻസറി | ഡോ. അമ്പിളി കെ.എസ്. | 1.4.2018 | 31.3.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി നസീമ കെ.ഇ | 1.4.2018 | 31.3.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അയ്യമ്പുഴ) | റെജി ടി.ആർ | 1.4.2018 | 31.3.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചുള്ളി) | ശ്രീ സുമേഷ് എ.വി. | 1.4.2018 | 31.3.2019 |
| വെറ്ററിനറി സർജൻ | ഡോ.ജോമോൻ ചെറിയാൻ | 1.4.2018 | 31.3.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ശരത് ബി.ജോഷി | 1.4.2018 | 31.3.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഗോപകുമാർ എ. | 1.4.2018 | 31.3.2019 |
| ഹെഡ് മിസ്ട്രസ്, GUPS ചുള്ളി | ശ്രീമതി മോളി കെ.പി. | 1.4.2018 | 31.3.2019 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 | |
| 12 | സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല | 1-12 | |

| | | | |
|---|---|---|---|
| 13 | ഗുണഭോക്തൃലിസ്റ്റിലെ ക്രമം പാലിക്കാതെ ആനുകൂല്യം നൽകുന്നു | 1-13 | |
| 14 | ചെലവഴിച്ച മുഴുവൻ തുകയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-14 | |
| 15 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- രൂ.550000/- തടസ്സപ്പെടുത്തുന്നു | 1-15 | |
| 16 | സെന്റേജ് ചാർജ് അധികം നൽകി | 1-16 | |
| 17 | ബി.എസ്.എൻ.എൽ.-സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17 | |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-18 | |
| 19 | ലൈവ് സ്റ്റോക്ക് ഫാമുകൾ  ലൈസൻസ് പുതുക്കുന്നില്ല | 1-19 | |
| 20 | സ്വകാര്യ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-20 | |
| 21 | ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-21 | |
| 22 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം നൽകിയ 32065 രൂപയുടെ ചെലവ് അനുവദിക്കുന്നില്ല | 1-22 | |
| 23 | കാലി ബാരലിന്റെ വില കുറവു ചെയ്തില്ല. | 1-23 | |
| 24 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-24 | |
| | ഭാഗം 2 | | |
| | ഇല്ല | | |
| | ഭാഗം 3 | | |
| 25 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികനിരക്ക് അനുവദിച്ചു- രൂ. 32065 | 3-1 | |
| 26 | കാലി ബാരലിന്റെ വില കുറവു ചെയ്തില്ല- 56,644/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. | 3-2 | |
| 27 | സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - 73,179/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. | 3-3 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 34 | ഓഡിറ്റ് റിക്കവറി | 4-7 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 | |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |

| | | | |
|---|---|---|---|
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 40 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | | |
| 41 | ബാലൻസ് ഷീറ്റ് | | |
| 42 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| 43 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 21.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 76,82,023 |
| വരവ് | 6,77,86,855 |
| ആകെ | 7,54,68,878 |
| ചെലവ് | 6,64,98,794 |
| നീക്കിയിരിപ്പ് | 89,70,084 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10727000 | 10727000 | 10458774 | 228226 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4347000 | 4347000 | 3913590 | 433410 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 98000 | 98000 | 83150 | 14850 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 24202000 | 24202000 | 20440857 | 3761143 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2108693 | 671307 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6664693 | 6664693 | 4805227 | 1859466 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 34848799 | 34848799 | 34848799 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ്- SBI | 3187 | 564798 | 567985 | 563066 | 4919 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി..ഡി.എസ്- കേന്ദ്രവിഹിതം (*) | | 496278 | 369100 | 865378 | 1049129 | (-) 183751 |
| ടി.എസ്.സി | | 194500 | 1705900 | 1900400 | 130000 | 1770400 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി - ലഹരി വിരുദ്ധ പരിപാടി (*) | | 37500 | 25000 | 62500 | 57990 | 4510 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (*) | | 0 | 275000 | 275000 | 275000 | 0 |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് (*) | | 0 | 180000 | 180000 | 0 | 180000 |
| യുവജന ക്ഷേമ ബോർഡ് - Chiyakk(*) | | 0 | 4434 | 4434 | 0 | 4434 |
| ഗുണഭോക്തൃവിഹിതം (*) | | 13663 | 1070793 | 1084456 | 1053890 | 30566 |
| ജനകീയ ഭവന പദ്ധതി - SBI-JBP | | 58083 | 2060 | 60143 | 0 | 60143 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1182150 | 887440 | 2069590 | 2037734 | 31856 |
| | ജില്ലാ പഞ്ചായത്ത് | 3000000 | 949575 | 3949575 | 2569575 | 1380000 |
| ബി ഫണ്ട് | | 0 | 278496 | 278496 | 278496 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (*) | | 0 | 6218065 | 6218065 | 6218065 | 0 |
| | Current A/c SBI | 434123 | 4408717 | 4842840 | 4195765 | 647075 |
| | SCB-3390 Ayyampuzha | 2709610 | 5726977 | 8436587 | 6355943 | 2080644 |
| | SCB -EMS Ayyampuzha | 3052868 | 112956 | 3165824 | 0 | 3165824 |
| | SCB – Land Purchasing | 4846 | 1133500 | 1138346 | 1137903 | 443 |
| | ട്രഷറി അക്കൗണ്ട് STSB joint Venture | 1482150 | 4537015 | 6019165 | 4607309 | 1411856 |
| | STSB-10 Own fund | (-) 127368 | 9183417 | 9056049 | 7485497 | 1570552 |
| Cash | | 64524 | 28628 | 93152 | 64524 | 28628 |

കുറിപ്പ്

1. ജനറൽ പർപ്പസ് ഗ്രാന്റ് ട്രഷറിയിലെ STSB-(Own fund)എന്ന അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്.
2. വിവിധ കേന്ദ്രാവിഷ്കൃ- സംസ്ഥാനാവിഷ്കൃത ഫണ്ടുകളിൽ പ്രത്യേക അക്കൗണ്ടുകൾ ഇല്ലാത്തവ (*) , ഗുണഭോക്തൃവിഹിതം എന്നിവ പഞ്ചായത്ത് തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

3. ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ടുകൾ ട്രഷറിയിലെ STSB(Joint Venture) അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

4. 31.03.2018 ൽ സർക്കാർ ഉത്തരവ് പ്രകാരം Redemption തുകയായി ട്രഷറി അക്കൗണ്ടുകളിൽ നിന്ന് തിരികെപ്പിടിച്ച52,25,252രൂപയിൽ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിന്നുള്ള 27,00,000/- രൂപയും ഉൾപ്പെടുന്നുണ്ട്. ബാക്കി 25,25,252/- രൂപ തനത് ഫണ്ടിന്റെ ടി.എസ്.ബി അക്കൗണ്ടിൽ നിന്നുമാണ് പിടിച്ചത്. ആയതിനാലാണ് തനത് ഫണ്ട് ടി.എസ്.ബി. അക്കൗണ്ടിന്റെ 01.04.2018 ലെ മുന്നിരിപ്പ് (-) ആയി കാണുന്നത്. 2019- 20 സാമ്പത്തിക വർഷം തിരികെപ്പിടിച്ച മുഴുവൻ തുകയും അതാത് ഹെഡിലേക്ക് തിരികെവന്നിട്ടുണ്ട്. അതായത് 27,00,000/- രൂപ ജോയിന്റ് വെൻച്വർ അക്കൗണ്ടിലേക്കും, 25,25,252/- രൂപ തനത് ഫണ്ടിന്റെ ടി.എസ്.ബി അക്കൗണ്ടിലേക്കും ക്രെഡിറ്റ് ആയിട്ടുണ്ട്. (RP-43- HoA 431 600 199)

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 86513569 | 150 | 49766375 | 6 | 45 | 76.92 |

# 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3187 | 564798 | 567985 | 563066 | 4919 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 34848799 | 34848799 | 34848799 | 0 |
| ആകെ | 3187 | 35413597 | 35416784 | 35411865 | 4919 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18600 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 2781600 | 212 |
| വിധവാപെൻഷൻ | 6685400 | 553 |
| വാർദ്ധക്യകാലപെൻഷൻ | 20970200 | 1680 |
| വികലാംഗപെൻഷൻ | 2568400 | 209 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്ക് പെൻഷൻ | 295200 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

13.02.2020, 3.30 pm-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,012/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ നല്ലൊരു ഭാഗം കാലടി പ്ലാന്റേഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പല മരാമത്ത് പ്രവൃത്തികൾക്കും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് സമ്മതപത്രം വാങ്ങേണ്ടതുണ്ട്. ഇത് ലഭിക്കാത്തതിനാൽ ചില പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്.

പട്ടികജാതി – പട്ടികവർഗ പദ്ധതികളിലും ബന്ധപ്പെട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറിൽ നിന്ന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ പദ്ധതി ആസൂത്രണഘട്ടത്തിൽ തന്നെ പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്ന് എൻ.ഒ.സി ലഭിക്കാനുള്ളവയും, പട്ടികജാതി- പട്ടികവർഗ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ഫീസിബിലിറ്റി ലഭിക്കാനുള്ളവയിലും ആയത് ലഭ്യമാകുമെന്നുറപ്പ് വരുത്തി മാത്രം പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ശ്രദ്ധിക്കാവുന്നതാണ്.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം പഞ്ചായത്തിന് വരുമാനവർദ്ധനവിനുള്ള പുതിയ സ്രോതസ്സുകൾ കണ്ടെത്തുക പ്രായോഗികമല്ലെന്നതിനാൽ നിലവിലുള്ള വരുമാനസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി തനത് വരുമാനം കുറയാതെ നോക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ മത്സരാധിഷ്ഠിത ടെൻഡറുകൾ ലഭിക്കുന്നുണ്ടെങ്കിലും 0.01% വരെയുള്ള നാമമാത്രമായ കുറവിലാണ് പ്രവൃത്തികൾ കരാറുകാർ ടെൻഡർ ചെയ്യുന്നത്. അതേസമയം ഇ-ടെൻഡർ ചെയ്യുന്ന പ്രവൃത്തികളിൽ കൂടുതൽ കരാറുകാർ പങ്കെടുക്കുന്നതായും, ഗണ്യമായ ശതമാനം കുറവിൽ പ്രവൃത്തികൾ ടെൻഡർ ചെയ്യപ്പെടുന്നതായും കാണുന്നുണ്ട്. ആയതിനാൽ ഇ-ടെൻഡറുകൾ വഴിയുള്ള നിർവ്വഹണത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കാവുന്നതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/12/2019 | 2019 നവംബർ | 04/01/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26/10/2019 | 2014-15 മുതൽ 2018-19 വരെ | 26/11/2019 |

## 1-11 ഓഡിറ്റ് ഇംപാക്ട്

(1) ബ്ലാക്ക് ഡയമണ്ട് റോക്ക് പ്രൊഡക്ട്സ് എൽ.എൽ.പി. എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായി 2018-19 സാമ്പത്തിക വർഷം രണ്ടാം പകുതിയിൽ ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ് വന്നത് 18-02-2020 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് കുറവ് വന്ന 300 രൂപ 19-02-2020 ലെ രസീത് നമ്പർ 119020102263 പ്രകാരം അടച്ചിട്ടുണ്ട്.

(2) 1994 ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്ന നിയമപ്രകാരം വിവിധ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ പ്രകാരം 6/332ബി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്റ്റീൽ ഫർണിച്ചർ നിർമ്മാതാക്കളായ അന്ന സ്റ്റീൽ എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്ന 7 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് 18-02-2020 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 19-02-2020 ലെ ഉടമയിൽ നിന്നും രസീത് നമ്പർ 119020102266 പ്രകാരം 4980 രൂപ ഈടാക്കിയിട്ടുണ്ട്.

# 1-12 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ , ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിലെ ചില സ്ഥാപനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ നിയമപ്രകാരമുള്ള ലൈസൻസ് 2018-19 വർഷത്തിൽ പുതുക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിനായി അപേക്ഷിച്ചയാളുടെ വിവരങ്ങൾ | വാർഡ് നമ്പരും കെട്ടിട നമ്പരും |
|---|---|---|---|
| 1 | റൈസ് മിൽ | ബെന്നി കമ്പളതാൻ, കൊല്ലക്കൊട് | 6/83 |
| 2 | ചിക്കൻ സെന്റർ | കെ.എ. വർഗീസ്, കല്ലിലാൽ, ആനപ്പാറ | |
| 3 | ടീ ഷോപ്പ് | ബേബി, തളിയൻ വീട്, അയ്യമ്പുഴ | 13/341 |
| 4 | സ്റ്റേഷനറി ഷോപ്പ് | സി.വി.തോമസ്, ചിറ്റൂപറമ്പൻ, അയ്യമ്പുഴ | 13/351 |
| 5 | ഹാപ്പി പൗൾട്രി ഫാം | പി.ജെ.ജോസ്, പൂകൊമ്പിൽ വീട്, | 11/161എ |
| 6 | പാലാട്ടി എൻജിനീയറിങ്ങ് വർക്സ് | പി.വി.ജോളി, പാലാട്ടി വീട്, ഒലീവ് മൌണ്ട് ചുള്ളി | 12/332എ |
| 7 | കോഴി ഫാം | ജിജി രാജു, പാലങ്കര വീട്, ചുള്ളി | 12/81 എ |
| 8 | നൈസ് ബേക്കറി | റോസി ജോസ്, മാണിക്യത്താൻ വീട്, കൊല്ലക്കൊട് | 6/80, 6/81 |
| 9 | നൈസ് സ്റ്റോഴ്സ് | എം.പി.ജോസ്, മാണിക്യത്താൻ വീട്, കൊല്ലക്കൊട് | 6/79 |
| 10 | പലചരക്ക് കട | പി.എ.വർഗീസ്, പയ്യപ്പിള്ളി, ചുള്ളി | 10/159 |
| 11 | മസ്കറ്റ് ഹോട്ടൽ | അയ്യമ്പുഴ | |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

# 1-13 ഗുണഭോക്തൃലിസ്റ്റിലെ ക്രമം പാലിക്കാതെ ആനുകൂല്യം നൽകുന്നു

(1) വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ട് നം. 23/18-19 കുടുംബശ്രീ വനിതകൾക്ക് കിടാരി, 63/18-19 വനിതകൾക്ക് പെണ്ണാട് വിതരണം, 96/18-19 പെണ്ണാട് വിതരണം (എസ്.സി) എന്നീ പദ്ധതികൾ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തിരിക്കുന്നത് ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ക്രമപ്രകാരമല്ല. പ്രോജക്ട് നം. 63/18-19 പെണ്ണാട് വിതരണം വനിതകൾക്ക് എന്ന പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ആകെ 211 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഈ ലിസ്റ്റിൽ നിന്നും ആകെ 32 ഗുണഭോക്താക്കൾക്കായി 10,000/- രൂപ വിലയുള്ള ആടുകളെ വീതമാണ് വിതരണം ചെയ്തിട്ടുള്ളത് (ഒരു ഗുണഭോക്താവിന് 2 ആടുകളെ വീതം). പ്രസ്തുത ലിസ്റ്റിൽ ക്രമ നം.1, 2,5,7,17,18,19....തുടങ്ങിയ മുൻഗണന ക്രമത്തിലുള്ള ഗുണഭോക്താക്കളെ പരിഗണിക്കാതെ 95, 97, 136, 191 ക്രമനമ്പറിലുള്ള വ്യക്തികൾക്കാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്.

(2) അയ്യമ്പുഴ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചുള്ളി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ

നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തിരിക്കുന്നത് ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ക്രമപ്രകാരമല്ല.

| പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 39/18-19 | കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ (ജനറൽ) | അയ്യമ്പുഴ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 40/18-19 | തുറസ്സായ കിണർ ശുചിത്വ കിണർ ആക്കി മാറ്റൽ | |
| 20/18-19 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (എസ്.സി | ചുള്ളി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും മുൻഗണനക്രമത്തിൽ ആനുകൂല്യം ലഭിക്കേണ്ട ഗുണഭോക്താവിന് പ്രസ്തുത ആനുകൂല്യം ആവശ്യമില്ലെങ്കിൽ ടി വ്യക്തികളിൽ നിന്നും സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതും തൊട്ടടുത്ത വ്യക്തിക്ക് ആനുകൂല്യം നൽകുന്നതിനായി പരിഗണിക്കേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ പദ്ധതികളിൽ മുൻഗണനയനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്തതുമൂലം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വ്യക്തികൾക്ക് ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടെന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 18.02.2020 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 ന് സമയബന്ധിതമായി ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലും ഗുണഭോക്തൃ വിഹിതമായ 10,000/- രൂപ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഒടുക്കുവാൻ സാധിക്കാത്തതിനാലുമാണ് ക്രമം തെറ്റി ആനുകൂല്യം വിതരണം ചെയ്യേണ്ടി വരുന്നത് എന്ന മറുപടിയാണ് വെറ്ററിനറി സർജൻ ലഭ്യമാക്കിയിട്ടുള്ളത്. വി.ഇ.ഒ.മാർക്ക് 19.02.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വ്യക്തികൾക്ക് ആനുകൂല്യം ലഭിക്കാതെ പോകുന്നത് വളരെ ഗൗരവമായ കാര്യമായതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 ചെലവഴിച്ച മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പ്ര 12/19 പ്രകാരമുള്ള മൂലേപ്പാറ കുടിവെള്ള പദ്ധതിക്ക് പുതിയ മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് ട്രഷറി ബിൽ നം.27/18-19 തീയതി 26-10-18 പ്രകാരം 540000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലുവയ്ക്ക് നൽകുകയുണ്ടായി. ഈ പ്രവൃത്തിക്ക് KWA നൽകിയ 4-11-19 ലെ A3-1611/18 നമ്പർ ധനവിനിയോഗ സാക്ഷ്യപത്രമനുസരിച്ച് 409635 രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കിയുള്ള 130365 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- രൂ.550000 തടസ്സപ്പെടുത്തുന്നു.

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 10/19 പ്രകാരം സെക്രട്ടറി നടപ്പാക്കിയ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി 16-11-2018 ലെ അഞ്ചാം നമ്പർ കരാറിൽ ഏർപ്പെടുകയും 09-11-2018 ലെ A3-7017/2018 നമ്പർ കത്ത് മുഖേന കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലുവ ആവശ്യപ്പെട്ടതനുസരിച്ച് 28-11-2018ലെ ട്രഷറി ബിൽ നമ്പർ 36/18-19 പ്രകാരം 550000 രൂപ നൽകുകയും ചെയ്തു.

ഈ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാതിരുന്നത് മൂലം എസ്റ്റിമേറ്റിനേക്കാൾ 19644 രൂപ അധിക നിരക്കിലുള്ള ക്വട്ടേഷൻ ക്ഷണിച്ച് അതോറിറ്റി മെറ്റീരിയൽ സപ്ലൈ ചെയ്തതായും പിന്നീട് ഈ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ വർക്കിംഗ് ചാർജ്ജിന്റെ എസ്റ്റിമേറ്റ് നിരക്കായ 248414 രൂപയ്ക്ക് പകരം 5% അധിക നിരക്കിൽ 260835 രൂപയുടെ ടെണ്ടർ അംഗീകരിച്ചതായും KWA പറയുന്നു. ആയതിനാൽ, വർക്കിംഗ്

ചാർജ്ജിനത്തിൽ അധികം വന്ന 12421 രൂപയും മെറ്റീരിയൽസിനത്തിൽ അധികം വന്ന 19644 രൂപയുമുൾപ്പെടെ ആകെ 32065 രൂപ അധികം നൽകാൻ വാട്ടർ അതോറിറ്റി 31-12-2019ലെ A3-7017/2018 -ാം നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടതനുസരിച്ച് ടി തുക പ്രോജക്ട് നമ്പ്ര 11/19 കട്ടിംഗ് ഉദയനഗർ റോഡ് പൈപ്പ് ലൈൻ മാറ്റൽ എന്ന പ്രവൃത്തിയിലെ വിനിയോഗിക്കാത്ത തുകയിൽ നിന്നും നൽകാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 20-01-2020 ലെ 1(1) പ്രകാരം തീരുമാനിച്ചു. അപ്രകാരം ഈ പ്രവൃത്തിയിൽ വാട്ടർ അതോറിറ്റിക്ക് ആകെ നൽകിയ തുക 582065 രൂപയാണ്.

മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ അധികം അനുവദനീയമല്ലാത്തതിനാൽ മേൽപ്പറഞ്ഞ പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം നൽകിയ 32065 രൂപയുടെ ചെലവ് അനുവദിക്കുന്നില്ല. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കാണുക)

ഈ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭ്യമാക്കാത്തതിനാൽ 550000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 19-02-2020 ലെ 12-ാം നമ്പ്ര ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല).

# 1-16 സെന്റേജ് ചാർജ് അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ 11/19 പ്രകാരമുള്ള ഉദയനഗർ റോഡ് പൈപ്പ് ലൈൻ മാറ്റൽ എന്ന പ്രവൃത്തിക്ക് വേണ്ടി, 06-06-18 ലെ A3 P.An-3786/2018 നമ്പർ എസ്റ്റിമേറ്റ് പ്രകാരം കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ട്രഷറി ബിൽ നം.18/18-19 തീയതി 24-09-2018 മുഖേന 690000 രൂപ നൽകിയിട്ടുണ്ട്. 04-06-19 ലെ A3-3786/18 പ്രകാരം വാട്ടർ അതോറിറ്റി നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ഈ പ്രവൃത്തിക്ക് 551494 രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ.

(1) <u>സെന്റേജ് ചാർജ് അധികം നൽകി</u>

ഇതിന്റെ എസ്റ്റിമേറ്റിൽ 12.50% സെന്റേജ് ചാർജായി 75676 രൂപയാണ് ഉൾപ്പെടുത്തിയിരുന്നത്. PWD മാന്വൽ 1601.4 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 10% സെന്റേജ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. മാത്രമല്ല, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-04-2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1069/2018 പ്രകാരം പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 2.5% സെന്റേജ് ചാർജ് ഈടാക്കാവുന്നതല്ലെന്ന് ഉത്തരവായിട്ടുള്ളതുമാണ്. ആയതിനാൽ 551494 രൂപ വിനിയോഗിച്ച ഈ പ്രവൃത്തിയിൽ 10% സെന്റേജ് ചാർജായി 49022 രൂപ (551494X100/112=490217X10/100) ഈടാക്കുന്നതിന് പകരം 61277 രൂപ (490217X12.50%) അതോറിറ്റി ഈടാക്കിയിട്ടുണ്ട്. തന്മൂലം 12255 രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ടി തുക തിരികെ ഈടാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13-02-2020 ലെ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ, അധികമായി നൽകിയ സെന്റേജ് ചാർജ്ജ് തിരികെ നൽകാൻ വാട്ടർ അതോറിറ്റിയോട് 29-04-19 ൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.) തുക ലഭ്യമാവുന്നത് വരെ 12255 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(2) <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

ഈ പ്രവൃത്തിക്ക് നൽകിയ 690000 രൂപയിൽ 551494 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുള്ള 138507 രൂപയിൽ താഴെ പറയുന്ന രണ്ട് പ്രോജക്ടുകളിലേക്ക് നൽകിയ 49665 രൂപ കഴിച്ച് ബാക്കിയുള്ള 88841 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | പേര് | മാറ്റുന്ന തുക |
|---|---|---|
| 212/19 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 17600 |
| 10/19 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 32065 |
| ആകെ | | 49665 |

# 1-17 ബി.എസ്.എൻ.എൽ.-സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ടെലിഫോൺ എക്സ്ചേഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 18-02-2020 ൽ 5-ാം നമ്പ്ര ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി ഹാജരാക്കിയ ബി.എസ്.എൻ.എൽ. പ്രിൻസിപ്പൽ ജനറൽ മാനേജരുടെ കത്തിൽ സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച് ബി.എസ്.എൻ.എൽ. നൽകിയിട്ടുള്ള റിട്ട് അപ്പീൽ തീർപ്പാകാത്തതിനാൽ നികുതി അടവാക്കുന്നത് നീട്ടിവെക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹർജി തീർപ്പാക്കുന്നതിന് വിധേയമായി അനന്തരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അക്ഷയ ഇ - സെന്റർ, ചുള്ളി എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്ന നിയമപ്രകാരം വിവിധ സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ പ്രകാരം 7-ാം വാർഡിലെ 148 ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റബ്ബർ ത്രെഡ് ഉൽപാദിപ്പിക്കുന്ന ജെ.ആർ.ത്രെഡ്സ് എന്ന സ്ഥാപനത്തിൽ 6 ജീവനക്കാർ ജോലി ചെയ്യുന്നതായി കാണുന്നു. ഈ ജീവനക്കാരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ശമ്പളത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-19 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് പുതുക്കുന്നില്ല

പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ ലൈവ് സ്റ്റോക്ക് ലൈസൻസ് അപേക്ഷകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക ലൈസൻസ് നല്കൽ ചട്ടങ്ങൾ പ്രകാരം ആവശ്യമായ ലൈസൻസ് 2018-19 വർഷത്തിൽ പുതുക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിനായി അപേക്ഷിച്ചയാളുടെ വിവരങ്ങൾ | വാർഡ് നമ്പരും കെട്ടിട നമ്പരും |
|---|---|---|---|
| 1 | ഹാപ്പി പൗൾട്രി ഫാം | പി.ജെ.ജോസ്, പൂകൊമ്പിൽ വീട്, | 11/161എ |
| 2 | കോഴി ഫാം | ജിജി രാജു, പാലങ്കര വീട്, ചുള്ളി | 12/81 എ |

മേൽ ഫാമുകളിൽ നിന്നും ലൈവ് സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

# 1-20 സ്വകാര്യ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നില്ല

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രൈവറ്റ് സ്ഥാപനങ്ങളുടെ പാരാമെഡിക്കൽ രജിസ്ട്രേഷൻ അപേക്ഷകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനം 1997 ലെ കേരള പഞ്ചായത്ത് രാജ് (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് & പ്രൈവറ്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ) ചട്ടങ്ങൾ അനുസരിച്ച് ആവശ്യമായ രജിസ്ട്രേഷൻ 2018-19 വർഷം പുതുക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിനായി അപേക്ഷിച്ചയാളുടെ വിവരങ്ങൾ | വാർഡിന്റെ നമ്പരും കെട്ടിട നമ്പരും |
|---|---|---|---|
| 1 | മരിയ ഡയഗ്നൊസ്റ്റിക് സെന്റർ, ചുള്ളി | ബിന്ദു പൌലൊസ്, ചാക്യേത്ത് മൂല വീട്, ചുള്ളി | 10/132 |

മേൽ വിഷയത്തിൽ പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 75/19 |
| പേര് | 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (എസ് സി ) |
| അടങ്കൽ | രൂ. 1,95,750/- |
| ചെലവ് | രൂ. 1,95,750/- |
| ട്രഷറി ബിൽ നമ്പർ | 5/18-19 തീയതി 30.11.2018 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കു കട്ടിൽ (എസ്.സി) എന്ന പദ്ധതിക്കായി 2018-19 ൽ 1,95,750/- രൂപ ചിലവാക്കിയിട്ടുണ്ട്. 4350 രൂപ നിരക്കിൽ 45 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. കട്ടിൽ ലഭിച്ച താഴെപ്പറയുന്ന ഗുണഭോക്താവ് ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിലാസം |
|---|---|---|
| 1 | കുട്ടി കെ.കെ. | കരിങ്ങാക്കോട്ടം വീട്,ചുള്ളി. |

പ്രസ്തുത ഗുണഭോക്താവിന് ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം അനുവദിച്ചതിനാൽ 4350 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം നൽകിയ 32065 രൂപയുടെ ചെലവ് അനുവദിക്കുന്നില്ല

2018-19 വർഷം പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ കെ.ഡബ്ല്യു.എ ടെൻഡർ ചെയ്ത് നല്കിയത് എസ്റ്റിമേറ്റ് നിരക്കിലും അധികമായിട്ടാണ്. മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ അധികം അനുവദനീയമല്ലാത്തതിനാൽ മേൽപ്പറഞ്ഞ പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം നൽകിയ 32065 രൂപയുടെ ചെലവ് അനുവദിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ നല്കിയിട്ടുണ്ട്.

# 1-23 കാലി ബാരലിന്റെ വില കുറവു ചെയ്തില്ല.

2018-19 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ - RS1& SS1- ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിനുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി ബാരലിന്റെ വില കുറവ് ചെയ്തില്ല.അധികം നല്കിയ തുക കരാറുകാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ നല്കിയിട്ടുണ്ട്.

# 1-24 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം

2018-19 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള 3 പ്രവൃത്തികൾ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കരാറുകാർ പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷ നൽകുകയോ, എൻജിനീയർ പഞ്ചായത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികളിലും കാലതാമസം വരുത്തിയതിന് നിയമാനുസൃതം ഈടാക്കേണ്ട ഫൈൻ 73,179/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ നല്കിയിട്ടുണ്ട്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികനിരക്ക് അനുവദിച്ചു-രൂ. 32065

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 10/19 പ്രകാരം സെക്രട്ടറി നടപ്പാക്കിയ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി 16-11-2018 ലെ അഞ്ചാം നമ്പർ കരാറിൽ ഏർപ്പെടുകയും 09-11-2018 ലെ A3-7017/2018 നമ്പർ കത്ത് മുഖേന കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലുവ ആവശ്യപ്പെട്ടതനുസരിച്ച് 28-11-2018ലെ ട്രഷറി ബിൽ നമ്പർ 36/18-19 പ്രകാരം 550000 രൂപ നൽകുകയും ചെയ്തു.

ഈ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാതിരുന്നത് മൂലം എസ്റ്റിമേറ്റിനേക്കാൾ 19644 രൂപ അധിക നിരക്കിലുള്ള ക്വട്ടേഷൻ ക്ഷണിച്ച് അതോറിറ്റി മെറ്റീരിയൽ സപ്ലൈ ചെയ്തതായും പിന്നീട് ഈ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ വർക്കിംഗ് ചാർജിന്റെ എസ്റ്റിമേറ്റ് നിരക്കായ 248414 രൂപയ്ക്ക് പകരം 5% അധിക നിരക്കിൽ 260835 രൂപയുടെ ടെണ്ടർ അംഗീകരിച്ചതായും KWA പറയുന്നു. ആയതിനാൽ, വർക്കിംഗ് ചാർജിനത്തിൽ അധികം വന്ന 12421 രൂപയും മെറ്റീരിയൽസിനത്തിൽ അധികം വന്ന 19644 രൂപയുമുൾപ്പെടെ ആകെ 32065 രൂപ അധികം നൽകാൻ വാട്ടർ അതോറിറ്റി 31-12-2019ലെ A3-7017/2018 -ാം നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടതനുസരിച്ച് ടി തുക പ്രോജക്ട് നമ്പ്ര 11/19 കട്ടിംഗ് ഉദയനഗർ റോഡ് പൈപ്പ് ലൈൻ മാറ്റൽ എന്ന പ്രവൃത്തിയിലെ വിനിയോഗിക്കാത്ത തുകയിൽ നിന്നും നൽകാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 20-01-2020 ലെ 1(1) പ്രകാരം തീരുമാനിച്ചു. അപ്രകാരം ഈ പ്രവൃത്തിയിൽ വാട്ടർ അതോറിറ്റിക്ക് ആകെ നൽകിയ തുക 582065 രൂപയാണ്.

മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ അധികം അനുവദനീയമല്ലാത്തതിനാൽ മേൽപ്പറഞ്ഞ പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം നൽകിയ 32065 രൂപയുടെ ചെലവ് അനുവദിക്കുന്നില്ല. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 19-02-2020 ലെ 12-ാം നമ്പ്ര ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.)

## 3-2 കാലി ബാരലിന്റെ വില കുറവു ചെയ്തില്ല- 56,644/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2018-19 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ പാക്കഡ് ബിറ്റുമിൻ - RS1& SS1- ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിനുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി ബാരലിന്റെ വില കുറവ് ചെയ്തില്ല. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ/ പ്രൊജക്ടിന്റെ പേര് | കരാറു കാരന്റെ പേര് | എസ്റ്റി മേറ്റ് തുക | എഗ്രിമെന്റ് നം./ തീയതി | ഉപയോഗിച്ച ബിറ്റുമിൻ | അളവ് പുസ്തക നമ്പർ | ബാരൽ എണ്ണം | ഈടാ ക്കേണ്ട തുക @ 238 + GST 18% | ട്രഷറി ബിൽ നമ്പർ | GST 18% |
|---|---|---|---|---|---|---|---|---|---|---|
| 1 | S0120/19 ചുള്ളി കനാൽ റോഡ് മെയിന്റനൻസ് -റീടാറിംഗ് | വി.ജോയ് | 6,15,165 | 71/AE/ LSGD/ AYY 18-19 05/02/19 | VG-30 3442 kg RS1 308kg | 412/18-19 | 24 | 5712+1028 | 78/18-19 23.3.19 615035 | 1028 |
| 2 | S099/19 മൂലേപ്പാറ- ചീനം ചിറ റോഡ് റീ ടാറിംഗ് | വി.ജോയ് | 5,00,000 | 69/AE/ LSGD/ AYY1 8-19 04/02/19 | VG-30 3692 kg RS1 334kg | 413/18-19 | 26 | 6188+1114 | 86/18-19 28.3.19 470579 | 1114 |
| 3 | S068/19 അമലാപുരം-നടുവട്ടം ചാത്തക്കുളം റോഡ് മെയിന്റനൻസ് -റീടാറിംഗ് | കെ.എസ്. പോളി | 3,50,000 | 58/AE/ LSGD/ AYY/ 18-19 25/01/19 | VG-30 2741 kg RS1 248kg | 397/18-19 | 20 | 4760 +857 | 89/18-19 23.3.19 349849 | 857 |
| 4 | S034/19 കൊല്ലക്കോട് - മഞ്ഞന റോഡ് റീടാറിംഗ് | പി.ജെ.ബിജു | 4,00,000 | 50/AE/ LSGD/ AYY/ 18-19 25/01/19 | VG-30 2636 kg RS1 239kg | 390/18-19 | 19 | 4522+814 | 101/18-19 28.3.19 399821 (Q Bill- 27.6.19) | 814 |
| 5 | S091/19 എരപ്പ് -കരടിപ്പാങ്ങ് റോഡ് റീടാറിംഗ് | പി.ജെ.ബിജു | 4,00,000 | 61/AE/ LSGD/ AYY/ 18-19 25/01/19 | VG-30 3032 kg RS1 268kg | 212/18-19 | 22 | 5236+942 | 102/18-19 28.3.19 390133 (Q Bill- 27.6.19) | 942 |
| 6 | S090/19 മുരിങ്ങേടത്തുപാറ അങ്കണവാടി റോഡ് റീ-ടാറിംഗ് | കെ.എസ്. പോളി | 1,55,000 | 64/AE/ LSGD/ AYY/18-19 01/02/19 | VG-30 1109 kg RS1 99 kg | 393/18-19 | 8 | 1904+343 | 90/18-19 23.3.19 141001 | 343 |
| 7 | S0164/19 കോളോട്ടുകടി കനാൽ ലിങ്ക് റോഡ് പൂർത്തീകരണം -ടാറിംഗ് | കെ.എസ്. പോളി | 49,527 | 64/AE/ LSGD/ AYY/ 17-18 04/04/18 | VG-30 191 kg RS1 17 kg | 1148/17-18 | 2 | 476+86 | 21/18-19 24/11/18. 49,424 | 86 |
| 8 | S0146/19 അമലാപുരം തൊഴീങ്കര പുഞ്ചോടി റോഡ് റീടാറിംഗ് | ജോയ് വി. | 2,00,000 | 32/AE/ LSGD/ AYY/ 17-18 21/11/17 | VG-30 1411 kg RS1 129kg | 228/18-19 | 10 | 2380+428 | 45/18-19 09/01/19 1,97,628 | 428 |
| 9 | S167/19 കടുകുളങ്കര കണ്ണിമംഗലം റോഡ് റീടാറിംഗ് | പി.രമേശൻ | 8,87,144 | 69/AE/ LSGD/ AYY/ 17-18 27/04/18 | VG-30 3329 kg, RS1 299kg | 428/18-19 | 24 | 5712+1028 | 65/18-19 19/03/19 410262 | 1028 |
| 10 | S0160/19 ഉപ്പുകല്ല് ഡയറി പോട്ട റോഡ് റീടാറിംഗ് | പി.രമേശൻ | 4,20,000 | 49/AE/ LSGD/ AYY/ 17-18 01/03/18 | VG-30 3553 kg RS1 352kg | 426/18-19 | 25 | 5950+1071 | 66/18-19 20/03/19 419897 | 1071 |
| 11 | S0145/19 അമലാപുരം ബാങ്ക്-ചർച്ച് റോഡ് റീടാറിംഗ് | വി.ജോയ് | 6,82,923 | 28/AE/ LSGD/ AYY/ 17-18 21/11/17 | VG-30 4677 kg RS1 450kg | 191/18-19 | 33 | 7854+1414 | 47/18-19 21/01/19 682622 | 1414 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 12 | S0103/19<br>ചുള്ളി ഒലീവ് മൗണ്ട് കനാൽ- പി.ഡബ്ല്യു.ഡി ലിങ്ക് റോഡ് റീടാറിംഗ് | വി.ജോയ് | 5,20,000 | 32/AE/<br>LSGD/<br>AYY/<br>18-19<br>22/11/18 | VG-30<br>3600 kg<br>RS1<br>325kg | 192/18-19 | 25 | 5950+1071 | 77/18-19<br>28/03/19<br>467507 | 1071 |
| ആകെ | | | | | | | | 56644 | | 10196 |

പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചിട്ടുള്ളതിനാൽ കാലിബാരലിന്റെ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കാതെ ഫൈനൽ ബിൽ നല്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലിബാരലിന്റെ വില കരാറുകാരിൽ നിന്ന് ഈടാക്കാമെന്ന് എൻജിനീയർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 56,644/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.കൂടാതെ കാലിബാരലിന്റെ ജി എസ് ടി ഇനത്തിൽ 10196/- രൂപയും ഈടാക്കി അടയ്ക്കേണ്ടതാണ്.

# 3-3 സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല - 73,179/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2012 ലെ പി ഡബ്ല്യു ഡി മാനുവൽ, സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ ഇത് പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. കരാറുകാരന് ഫൈനൽ ബിൽ തുക നല്കിയതിനൊപ്പം കരാർ കാലാവധി കഴിഞ്ഞതിനുള്ള നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) കടുകുളങ്ങര -കണ്ണിമംഗലം റോഡ് റീടാറിംഗ്

| | |
|---|---|
| പ്രൊ.നമ്പർ | എസ് 172/18, എസ് 167/19 |
| അടങ്കൽ തുക | രൂ.8,87,144/- |
| കരാർ തുക (PAC) | രൂ. 8,85,971/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. പി. രമേശൻ |
| എഗ്രിമെന്റ് നമ്പർ-തീയതി | 69/AE//LSGD/AYY /17-18<br>Dtd. 27.04.2018 |
| ആകെ ചെലവ് | രൂ.4,10,262 ട്രഷറി ബിൽ നം.65/18-19<br>19/03/19 |

"കടുകുളങ്ങര -കണ്ണിമംഗലം റോഡ് റീടാറിംഗ് " എന്ന പ്രവൃത്തിക്ക് കരാർ നല്കിയത് ശ്രീ. പി. രമേശൻ എന്നയാൾക്കാണ്. ടിയാൾ 27.04.2018 -ൽ പഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാറുകാരൻ പണി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചത് 27.02.2019-ാം തീയതിയായിരുന്നു. (ചെക്ക് മെഷർ ചെയ്തത് 06.02.2019).

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 26/07/2018 |
| പൂർത്തീകരിച്ച തീയതി | 06/02/2019 |
| കാലതാമസം | 28 ആഴ്ച |
| ഈടാക്കേണ്ട തുക | 2.8/100 x 8,85,971<br>= 24,807/- |

(2) ഉപ്പ് കല്ല് ഡയറി പോട്ട റോഡ് റീടാറിംഗ്

| | |
|---|---|
| പ്രൊ.നമ്പർ | എസ് 158/18 , എസ് 160/19 |
| അടങ്കൽ തുക | രൂ.4,20,000/- |

| | |
|---|---|
| കരാർ തുക (PAC) | രൂ.4,20,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. പി. രമേശൻ |
| എഗ്രിമെന്റ് നമ്പർ- തീയതി | 49/AE//LSGD/AYY /17-18<br>Dtd. 01.03.2018 |
| ആകെ ചെലവ് | രൂ.4,19,897<br>ട്രഷറി ബിൽ നം. 66/18-19 20/03/19 |

"ഉപ്പ് കല്ല് ഡയറി പോട്ട റോഡ് റീടാറിംഗ് " എന്ന പ്രവൃത്തിക്ക് കരാർ നല്കിയത് ശ്രീ. പി. രമേശൻ എന്നയാൾക്കാണ്. ടിയാൾ 01.03.2018 -ൽ പഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാറുകാരൻ പണി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചത് 27.02.2019-ാം തീയതിയായിരുന്നു.(ചെക്ക് മെഷർ ചെയ്തത് 20.02.2019).

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 31/05/2018 |
| പൂർത്തീകരിച്ച തീയതി | 20/02/2019 |
| കാലതാമസം | 42 ആഴ്ച |
| ഈടാക്കേണ്ട തുക | 4.2/100 x 4,20,000<br>= 17640/- |

(3) അമലാപുരം ബാങ്ക് ചർച്ച് റോഡ് റീടാറിംഗ്

| | |
|---|---|
| പ്രൊ.നമ്പർ | എസ് 066/18 , എസ് 145/19 |
| അടങ്കൽ തുക | രൂ.8,00,000/- |
| കരാർ തുക (PAC) | രൂ.6,82,924/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. വി.ജോയ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 28/AE//LSGD/AYY /17-18<br>Dtd. 21.11.2017 |
| ആകെ ചെലവ് | രൂ.6,82.622/-<br>ട്രഷറി ബിൽ നം.47/18-19 21/01/19 |

"അമലാപുരം ബാങ്ക് ചർച്ച് റോഡ് റീടാറിംഗ് " എന്ന പ്രവൃത്തിക്ക് കരാർ നല്കിയത് ശ്രീ. വി.ജോയ് എന്നയാൾക്കാണ്. ടിയാൾ 21.11.2017 -ൽ പഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാറുകാരൻ പണി പൂർത്തിയാക്കി ബിൽ സമർപ്പിച്ചത് 16.01.2019-ാം തീയതിയായിരുന്നു.(ചെക്ക് മെഷർ ചെയ്തത് 05.01.2019).

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 20/02/2018 |
| പൂർത്തീകരിച്ച തീയതി | 05/01/2019 |
| കാലതാമസം (ആഴ്ച) | 45 ആഴ്ച |
| ഈടാക്കേണ്ട തുക | 4.5/100 x 6,82,924/-<br>= 30732/- |

ഇപ്രകാരം നിയമാനുസൃതപിഴ ഈടാക്കാതെ ഫൈനൽ ബിൽ നല്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ കരാറുകാരുടെ പിഴവല്ല കാലതാമസത്തിന് കാരണം എന്നാണ് വിശദീകരിച്ചിരിക്കുന്നത്. എന്നാൽ യഥാസമയം കരാറുകാർ പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ, എൻജിനീയർ പഞ്ചായത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികളിലും കാലതാമസം വരുത്തിയതിന് നിയമാനുസൃതം ഈടാക്കേണ്ട ഫൈൻ 73,179/- ( 24,807 + 17,640 + 30,732) രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12/06/2019 & 13/06/2019 | കെ.എസ്.എ ഇ.കെ.എം (പി.ജി)1227(55)/2019 29.07.19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ലൈഫ് മിഷൻ-ഭവനപദ്ധതി (എസ്.സി) | 480000 | 20000 |
| | 2018-19 | 0 | | | |
| | 2017-18 | 682150 | ലൈഫ് മിഷൻ-ഭവനപദ്ധതി (ജനറൽ) | 680000 | 2150 |
| | 2018-19 | 637440 | | 627734 | 9706 |
| | 2018-19 | 140000 | ക്ഷീരവികസനം | 140000 | 0 |
| | 2018-19 | 110000 | സ്കോളർഷിപ്പ് | 110000 | 0 |
| ആകെ | | 887440 | | 855584 | 31856 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 600000 | ലൈഫ് മിഷൻ (ജനറൽ) | 600000 | 0 |
| | 2017-18 | 3000000 | ലൈഫ് മിഷൻ-ഭവനപദ്ധതി (എസ്.സി) | 1620000 | 1380000 |
| | 2018-19 | 0 | | | |
| | 2018-19 | 214875 | സ്കോളർഷിപ്പ് | 214875 | 0 |
| | 2018-19 | 134700 | ക്ഷീരവികസനം | 134700 | 0 |
| ആകെ | | 949575 | | 949575 | 1380000 |

മുൻവർഷങ്ങളിലും സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ വിഹിതത്തിൽ നിന്നും ചെലവ് വന്നത് കിഴിച്ചാണ് നീക്കിയിരുപ്പ് വരുന്നത്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S015/19 കണ്ണിമംഗലം പാണ്ടുപാറ സ്ട്രീറ്റ് ലൈൻ വലിക്കൽ | 41800214 31/03/2019 | 741200 | 0 | 741200 |
| | S148/19 ചാത്തക്കുളം പുതുമന റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41800213 31/03/2019 | 27884 | 0 | 27884 |

| | | | | | |
|---|---|---|---|---|---|
| | | | | | 769084 |
| കെ.ഡബ്ല്യു.എ | S212/19 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 41800216 31/03/2019 | 278400 | 0 | 278400 |
| | S010/19 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 41800217 24/10/2018 | 550000 | 0 | 550000 |
| | S011/19 കട്ടിംഗ് ഉദയനഗർ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800557 24/09/2018 | 690000 | 551494 | 138506 |
| | S012/19 മൂലേപ്പാറ കുടിവെള്ളപദ്ധതി പുതിയ മോട്ടോർ സ്ഥാപിക്കൽ | 21800660 24/10/18 | 540000 | 409635 | 130365 |
| | | | | | 1097271 |

കെ.എസ്.ഇ.ബി-യിൽ മുൻവർഷം നിക്ഷേപിച്ച തുകയിൽ 102853/ രൂപയും കൂടി ഉൾപ്പെടെ ആകെ 871937/- രൂപ 31.03.2019 ൽ ചെലവഴിക്കാൻ ബാക്കിയുണ്ട്.

കെ.ഡബ്ല്യു.എ-യിൽ മുൻവർഷം നിക്ഷേപിച്ച തുകയിൽ 38,75,279/- രൂപയും കൂടി ഉൾപ്പെടെ ആകെ 49,72,5550/- രൂപയും 31.03.2019 ൽ ചെലവഴിക്കാൻ ബാക്കിയുണ്ട്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20,00,000/-രൂപ വരവുണ്ട്. ഈ തുകയിൽ 20,00,000/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ ഭവന പദ്ധതി | GO(MS)68/2018 Dtd. 18.05.2018 | 20,00,000 | 0 | 0 | 0 | 20,00,000 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(a), 2-2(b) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(a) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശ ങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതി യും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,77,86,855 |
| [illegible] | : | [illegible] |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,64,98,794 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,61,888 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,85,811 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 32,065 | ശ്രീ. സി.മണികണ്ഠൻ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-2 | | 56,644 | ശ്രീ.ശരത് ബി. ജോഷി അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 73,179 | ശ്രീ.ശരത് ബി. ജോഷി അസിസ്റ്റന്റ് എൻജിനീയർ |
| | | 1,61,888 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,30,365 | ശ്രീ. സി.മണികണ്ഠൻ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-15 | 5,50,000 | ശ്രീ. സി.മണികണ്ഠൻ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-16 | 1,01,096 | ശ്രീ. സി.മണികണ്ഠൻ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-21 | 4,350 | ശ്രീമതി. നസീമ കെ.ഇ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 7,85,811 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-2 | 10,196/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.മണികണ്ഠൻ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | അമ്പാട്ട് ഹൗസ് മൂക്കന്നൂർ മൂക്കന്നൂർ പി.ഒ. എറണാകുളം |
| ശ്രീ.ശരത് ബി. ജോഷി അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | ബ്ലായിൽ ഹൗസ് മറ്റൂർ കാലടി പി.ഒ പിൻ- 683574 |
| ശ്രീമതി. നസീമ കെ.ഇ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | കേപ്പുറത്ത് |

| | | |
|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | ഹൗസ്<br>സിറാജ് നഗർ<br>അശോകപുരം<br>പി.ഒ<br>പിൻ- 683101 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(1) തീ.04.07.19 |
| 1997-98 | 12 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(2) തീ.04.07.19 |
| 1998-99 | 9 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(3) തീ.04.07.19 |
| 1999-2000 | 2 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(4) തീ.04.07.19 |
| 2000-01(ചെലവ്) | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(5) തീ.04.07.19 |
| 2001-02(ചെലവ്) | - | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2001-2002 (വരവ്) | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2002-03 | 4 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(7) തീ.04.07.19 |
| 2003-04 | 11 | |
| 2004-05 | 2 | |
| 2005-06 | 5 | |
| 2006-07 | 13 | |
| 2007-08,2008-09, 2009-10& 2010-11 | 13 | |
| 2011-12 | 5 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(8) തീ.04.07.19 |
| 2012-13 & 2013-14 | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(9) തീ.04.07.19 |
| 2014-15 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(10) തീ.04.07.19 |
| 2015-16 | 3 | |
| 2016-17 | 6 | |
| 2017-18 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 297/2019 / 01.03.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി പ്യൂരിഫിക്കേഷന് ശേഷം ഡിമാൻഡിൽ വരുത്തിയിട്ടുള്ള മാറ്റത്തിന് ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റി (ധനകാര്യം) എന്നിവയുടെ അംഗീകാരമോ സെക്രട്ടറിയുടെ ഉത്തരവോ ഇല്ലാത്തതിനാലും വിശദാംശങ്ങൾ (കെട്ടിട നം. സഹിതം) ഹാജരാക്കാത്തതിനാലും ആധികാരികമായി കണക്കാക്കാനാകില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of AYYAMPUZHA Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Ayyampuzha Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

The following irregularities are found in the verification of the Annual Financial Statement of Ayyampuzha Grama Panchayath for the year 2018-19

1. Neither the records of approval of the Governing committee/Financial Standing committee nor the orders of the Secretary for the changes done in the demand of Property tax after purification was produced for verification. As the details regarding the building number of the buildings were also not produced, the entries cannot be considered authentic.

2. The value of all assets, including land has not been included in the asset registers and reconciled with values in AFS.

DEPUTY DIRECTOR